DOWNLOAD
School App Kerala
www.schoolappkerala.in



1

# ചരിത്രത്തിലേക്ക്

കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള അറിവ് നൽകുന്നതാണ് ചരിത്രം, ഈ അറിവുകൾ വർത്തമാനകാലത്തെക്കുറിച്ചുള്ള നമ്മുടെ വിജ്ഞാനത്തെ വികസിപ്പിക്കുകയും ഭാവിയെ രൂപപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു. ഇത്തരം ആശയങ്ങളുടെ രൂപീകരണമാണ് ഈ പാഠഭാഗം വിനിമയം ചെയ്യുന്നതിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞകാല മനുഷ്യസമൂഹത്തിന്റെ ശേഷിപ്പുകളാണ് ചരിത്രത്തിന്റെ തെളിവുകൾ. അവ നിലനിർത്തേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ കടമയാണെന്നുള്ള കാഴ്ചപ്പാട് ഈ യൂണിറ്റിലൂടെ രൂപം കൊള്ളണം. ചരിത്രസ്രോതസ്സുകൾ, ചരിത്രകാലം, ചരിത്രാതീതകാലം, എ.ഡി., ബി.സി. കാലഗണന എന്നീ ആശയങ്ങൾ ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നു.

DOWNLOAD
School App Kerala
www.schoolappkerala.in



# യൂണിറ്റ് ഫ്രെയിം

1. ചരിത്രത്തിലേക്ക് — ആകെ പിരിയഡ് : 15

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • ചരിത്രം, ചരിത്രസ്രോതസ്സുകൾ | • വിദ്യാലയചരിത്രം തയ്യാറാക്കൽ | • തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രം രചിക്കുന്നു. |
| • ചരിത്രകാലം, ചരിത്രാതീതകാലം | • ചരിത്രകാലവും ചരിത്രാതീതകാലവുമായി ബന്ധപ്പെട്ട ചിത്രവായന | • ചരിത്രകാലവും ചരിത്രാതീതകാലവും വേർതിരിക്കുന്നു. |
| • ചരിത്രശേഷിപ്പുകൾ | • മ്യൂസിയം സന്ദർശനം, പഠനയാത്ര, കുറിപ്പ് തയ്യാറാക്കൽ, ആൽബം നിർമ്മാണം, വിദ്യാലയത്തിലൊരു ചരിത്രമ്യൂസിയം തയ്യാറാക്കൽ | • ചരിത്രശേഷിപ്പുകളുടെ സംരക്ഷണത്തിന്റെ ആവശ്യകത വിവിധ മാർഗ്ഗങ്ങളിലൂടെ ആവിഷ്ക്കരിക്കുന്നു. |
| • എ.ഡി., ബി.സി., കാലഗണനയും നൂറ്റാണ്ടും | • കാലഗണന കണക്കാക്കൽ<br>നൂറ്റാണ്ട് കണക്കാക്കൽ<br>പട്ടിക തയ്യാറാക്കൽ | • എ.ഡി., ബി.സി. എന്ന കാലഗണനയും നൂറ്റാണ്ടും എന്ന ആശയവും വിശദീകരിക്കുന്നു. |
| • പ്രാദേശിക ചരിത്രം | • ഗ്രാമത്തിന്റെ ചരിത്രം തയ്യാറാക്കൽ | • പ്രാദേശിക ചരിത്രം രേഖപ്പെടുത്തുന്നു. |

DOWNLOAD
School App Kerala
www.schoolappkerala.in



## യൂണിറ്റിലേയ്ക്ക്

പാഠഭാഗത്തെ വിദ്യാലയത്തിന്റെ ചിത്രം നിരീക്ഷിച്ച് കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു.

തുടർന്ന് തന്റെ വിദ്യാലയത്തെക്കുറിച്ച് അറിയാവുന്ന കാര്യങ്ങൾ വ്യക്തിപരമായി എഴുതി തയ്യാറാക്കട്ടെ. കുറിപ്പ് പരസ്പരം കൈമാറി വായിക്കാൻ അവസരം ഒരുക്കണം.

കുറിപ്പിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ എല്ലാം നിലവിൽ അറിയാവുന്നതാണല്ലോ.

എന്നാൽ വിദ്യാലയത്തിന്റെ കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള വിവരങ്ങൾ എങ്ങനെ കണ്ടെത്താം? എന്തെല്ലാം വിവരങ്ങളാണ് അന്വേഷിക്കേണ്ടത്? ഇത്തരം വിവരങ്ങൾ ആരിൽനിന്ന്/എവിടെനിന്ന് കിട്ടും? ചർച്ചയിലൂടെ പൊതുവായ ധാരണ ഉണ്ടാക്കണം. പാഠഭാഗത്ത് സൂചിപ്പിക്കുന്ന വിവരങ്ങൾ അന്വേഷണത്തിന് വിധേയമാക്കണമെന്നുള്ള കാര്യം ടീച്ചർ ഉറപ്പാക്കണം.

തുടർന്ന് 5 ഗ്രൂപ്പുകളായി തിരിഞ്ഞ് വിവരങ്ങൾ ശേഖരിക്കണം. വിവരശേഖരണത്തിനാവശ്യമായ സഹായവും നിർദ്ദേശവും അധ്യാപകൻ ഉറപ്പാക്കുമല്ലോ. വിവരശേഖരണ സമയത്ത് ഇടക്കാല വിലയിരുത്തൽ നടത്താൻ ടീച്ചർ ശ്രദ്ധിക്കണം.

അഭിമുഖം നടത്താനുള്ള ചോദ്യാവലി, അഭിമുഖത്തിനുള്ള തയ്യാറെടുപ്പ് മുതലായവ മുൻകൂട്ടി നടത്തണം. ചിത്രങ്ങൾ, ഫോട്ടോകൾ എന്നിവ ടീച്ചറിന്റെ സഹായത്താൽ ശേഖരിക്കണം. വിവരശേഖരണത്തിനും അഭിമുഖം നടത്തുന്നതിനും പാഠഭാഗത്തെ സൂചനകൾ ഉപയോഗിക്കാവുന്നതാണ്.

പൊതുവായ ചർച്ചകൾക്കുശേഷം രൂപപ്പെട്ട ധാരണയുടെ അടിസ്ഥാനത്തിൽ വ്യക്തിഗതമായി വിദ്യാലയചരിത്രം തയ്യാറാക്കണം.

വിദ്യാലയചരിത്രത്തിന്റെ പ്രദർശനം സംഘടിപ്പിക്കണം. വിദ്യാലയചരിത്രം തയ്യാറാക്കുമ്പോൾ താഴെ പറയുന്നവ ഉറപ്പാക്കണം:

- വിവരശേഖരണത്തിന്റെ വൈവിധ്യവും വൈപുല്യവും
- ആശയങ്ങളുടെ പ്രാധാന്യം
- ആശയങ്ങളുടെ വിന്യാസം
- ചിത്രങ്ങളുടെയും ഫോട്ടോകളുടെയും അനുയോജ്യത
- സ്രോതസ്സുകളുടെ പ്രസക്തി
- ചിത്രങ്ങളും അടിക്കുറിപ്പുകളും
- തയ്യാറാക്കിയതിലെ ഭംഗി/ആഖ്യാനശൈലി/ഭാഷ
- അനുബന്ധം

DOWNLOAD
School App Kerala
www.schoolappkerala.in



വിദ്യാലയത്തിന്റെ ചരിത്രം എഴുതാനുള്ള വിവരങ്ങൾ എവിടെ നിന്നെല്ലാമാണ് ലഭിച്ചത് എന്ന ചോദ്യം ഉന്നയിക്കുന്നു. കുട്ടികൾ ഉത്തരങ്ങൾ പട്ടികപ്പെടുത്തട്ടെ.

വിദ്യാലയചരിത്രം തയ്യാറാക്കാൻ സ്കൂളിന്റെ കഴിഞ്ഞകാലങ്ങളിലെ കാര്യങ്ങളും നാം കണ്ടെത്തിയിരുന്നല്ലോ. എങ്ങനെയാണ് കണ്ടെത്തിയത്?

രേഖകൾ, അഭിമുഖങ്ങൾ, കേട്ടറിവുകൾ എന്നിവയുടെ സഹായത്താൽ ചരിത്രം എഴുതാം. ചരിത്രരചനയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്ന രേഖകൾ, പുരാവസ്തുക്കൾ, കേട്ടറിവുകൾ തുടങ്ങിയവയെ ചരിത്രസ്രോതസ്സുകൾ എന്ന് വിളിക്കുന്നു.

ഓരോ കാലഘട്ടത്തിലും മനുഷ്യൻ കൈവരിച്ച പുരോഗതി തിരിച്ചറിയാൻ ഇത്തരം ചരിത്രസ്രോതസ്സുകൾ സഹായിക്കുന്നു. മനുഷ്യർ കാലങ്ങളായി ആർജ്ജിച്ച പുരോഗതി യുടെ രേഖപ്പെടുത്തലാണ് ചരിത്രം. ഈ ധാരണകളോടെ ചർച്ച പൂർത്തിയാക്കാൻ ടീച്ചർ ശ്രദ്ധിക്കേണ്ടതാണ്.

## തെളിവുകൾ തേടുമ്പോൾ

വിദ്യാലയത്തിനുള്ളതുപോലെ ചരിത്രം മറ്റെന്തിനെല്ലാമുണ്ട്?

- വ്യക്തികൾ
- കുടുംബങ്ങൾ
- സാമൂഹ്യസ്ഥാപനങ്ങൾ
- ഗ്രാമം
- രാജ്യം
- ഉപകരണങ്ങൾ
- 
- 

ഇത്തരത്തിലുള്ള ചരിത്രാന്വേഷണത്തിലൂടെ എന്തെല്ലാം വിവരങ്ങൾ തിരിച്ചറിയാൻ സാധിക്കും? ചർച്ച ചെയ്യുന്നു. പേജ് നമ്പർ 9-ലെ തെളിവുകൾ തേടുമ്പോൾ എന്ന പാഠഭാഗം വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

## ചരിത്രാതീതകാലം

പേജ് നമ്പർ 10-ലെ ചരിത്രാതീതകാലത്തെയും ചരിത്രകാലത്തെയും ചിത്രങ്ങൾ നിരീക്ഷിച്ച് വ്യത്യാസങ്ങൾ കണ്ടെത്താൻ അവസരം ഒരുക്കണം. അതോടൊപ്പം പേജ് നമ്പർ 9, 10 - ലെ പാഠഭാഗങ്ങൾ കൂടി വായിക്കട്ടെ. തുടർന്ന് ചരിത്രകാലം, ചരിത്രാതീതകാലം എന്നീ കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കണം.

എഴുത്തുവിദ്യ രൂപപ്പെടുന്നതിന് മുമ്പുള്ള കാലത്തെ ചരിത്രാതീതകാലമെന്നും എഴുതപ്പെട്ട രേഖകൾ ഉള്ള കാലത്തെ ചരിത്രകാലമെന്നും അറിയപ്പെടുന്നു എന്ന ധാരണ ഉറപ്പിക്കേണ്ടതാണ്.

## ശേഷിപ്പുകൾ സംരക്ഷിക്കാം

മ്യൂസിയത്തിൽ പോയിട്ടുള്ള കുട്ടികൾക്ക് അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാൻ അവസരം ഒരുക്കണം. അവിടെ കണ്ട കാഴ്ചകൾ വിവരിക്കട്ടെ. എന്തിനാണ് മ്യൂസിയ

DOWNLOAD
School App Kerala
www.schoolappkerala.in



ത്തിൽ ഇത്തരം വസ്തുക്കൾ സൂക്ഷിക്കുന്നത്? ഇത്തരം വസ്തുക്കൾ/ഉപകരണങ്ങൾ നമ്മുടെ വീടുകളിൽ സൂക്ഷിക്കാറുണ്ടോ?ചർച്ച ചെയ്യട്ടെ.

ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തുന്ന പ്രവർത്തന ങ്ങളെക്കുറിച്ചുള്ള ആനുകാലിക വാർത്തകൾ ടീച്ചർക്ക് ഇവിടെ പരാമർശിക്കാം.

## പുരാവസ്തുപഠനം

പുരാവസ്തുക്കളെക്കുറിച്ചുള്ള പഠനം 'ആർക്കിയോളജി' എന്നറിയപ്പെടുന്നു. നാണയങ്ങളെ പറ്റിയുള്ള പഠനം 'ന്യൂമിസ്മാറ്റിക്സ്' എന്നും ലിഖിതങ്ങളെപ്പറ്റിയുള്ള പഠനം 'എപ്പിഗ്രാഫി' എന്നും അറിയപ്പെടുന്നു. പുരാവസ്തുശാസ്ത്രജ്ഞർ കണ്ടെടുക്കുന്ന വിവിധതരം തെളിവുകളെ ശാസ്ത്രീയമായ പഠനങ്ങൾക്ക് വിധേയമാക്കുന്നു. കാർബൺ-14 പരിശോധന, തെർമോലുമിനിസെൻസ്, ഫ്ളൂറിൻടെസ്റ്റ് തുടങ്ങിയവ ഇത്തരത്തിലുള്ള ശാസത്രീയ പരിശോധനാരീതികളാണ്. ഇന്ത്യയിൽ പുരാവസ്തുപഠനങ്ങൾക്ക് നേതൃത്വം നൽകുന്നതും സ്മാരകങ്ങൾ സംരക്ഷിക്കുന്നതും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ്.

പേജ് നമ്പർ 11-ലെ പാലക്കാട് കോട്ടയുടെ ചിത്രം നിരീക്ഷിക്കുന്നു. 200-ൽപ്പരം വർഷങ്ങൾ പഴക്കമുള്ള പാലക്കാട് കോട്ട ഇന്നും സംരക്ഷിക്കുന്നതിന്റെ ആവശ്യകത എന്താണ് എന്ന ചോദ്യം ടീച്ചർ ഉന്നയിക്കുന്നു (ഐ.സി.ടി. സഹായത്താൽ കേരള ത്തിലെ മറ്റ് കോട്ടകൾ, സ്മാരകങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ ക്ലിപ്പിംഗ് ഇവിടെ പ്രയോജനപ്പെടുത്താം). ഇത്തരം കോട്ടകൾ, സ്മാരകങ്ങൾ എന്നിവ സംരക്ഷിക്കേ ണ്ടതിന്റെ ആവശ്യകത കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

'കേരളത്തിലെ കോട്ടകൾ' എന്ന പുസ്തകം, ഗൂഗിൾ സൈറ്റ് എന്നിവയിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് 'കേരളത്തിലെ കോട്ടകൾ' എന്ന സചിത്ര പതിപ്പ് തയ്യാറാക്കി അവതരിപ്പിക്കാൻ തുടർപ്രവർത്തനമായി നൽകേണ്ടതാണ്. പതിപ്പ് പരസ്പരം വില യിരുത്തലിന് വിധേയമാക്കണം, പ്രദർശനത്തിന് അവസരം ഒരുക്കുകയും വേണം.

കോട്ടകൾ, സ്മാരകങ്ങൾ മുതലായവ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലേക്ക് ഒരു പഠന യാത്ര സംഘടിപ്പിക്കാവുന്നതാണ്. ശേഷം യാത്രാക്കുറിപ്പ് തയ്യാറാക്കേണ്ടതാണ്. തന്റെ പ്രദേശത്തെ ഇത്തരം ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോ? അവ ഏതെല്ലാമാണ്?

അവ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഏതൊക്കെ? ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. അവ സംരക്ഷിക്കാനുള്ള ബോധവൽക്കരണത്തിനായി പോസ്റ്റർ, മുദ്രാവാക്യം മുതലായവ നിർമ്മിക്കാവുന്നതാണ്.

### അന്വേഷിക്കൂ..കണ്ടെത്താം

പാഠഭാഗത്തെ പേജ് നമ്പർ 12-ലെ 'ചിത്രങ്ങളുടെ പേരെഴുതാൻ' എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്യട്ടെ.

എങ്ങനെ കണ്ടെത്താം? ചർച്ച ചെയ്യൂ.

DOWNLOAD
School App Kerala
www.schoolappkerala.in



തന്നിട്ടുള്ള കുടക്കല്ലുകൾ, മുനിയറകൾ, നന്നങ്ങാടികൾ എന്നിവയെക്കുറിച്ചുള്ള കുറിപ്പ് വായിക്കാൻ അവസരം ഒരുക്കണം.

### കുടക്കല്ലുകൾ

രണ്ടോ രണ്ടരയോ മീറ്റർ ഉയരമുള്ള പരന്ന കല്ലുകൾ അല്പം ചായ്ച്ച് പിരമിഡിന്റെ ആകൃതിയിൽ നിർത്തി അവയ്ക്കുമീതേ വൃത്താകാരത്തിലുള്ള വലിയ കൂമ്പാരക്കല്ലുവെച്ചാണ് കുടക്കല്ലുകൾ നിർമ്മിക്കുന്നത്. ഇവയ്ക്ക് കുടയുടെ ആകൃതി ഉള്ളതുകൊണ്ടാണ് കുടക്കല്ലുകൾ എന്നു വിളിക്കുന്നത്.

### മുനിയറകൾ

മുനിയറകൾക്ക് മേശയുടെ ആകൃതിയാണ്. കുത്തനെ നാട്ടിയ കൽപ്പാളിയാണ് മുഖ്യഭാഗം. ഇവയ്ക്കുമുകളിൽ ഒരു കൽപ്പാളി ഉണ്ടാകും. ഈ കൽപ്പാളികൾ ചേർത്തുവയ്ക്കുമ്പോൾ അവയ്ക്കുള്ളിൽ ചതുരാകൃതിയിൽ ഒരു അറ രൂപപ്പെടും. ചില പ്രദേശങ്ങളിൽ ചെങ്കൽ അറകൾക്കും മുനിയറകൾ എന്നു പറയാറുണ്ട്.

### നന്നങ്ങാടികൾ

മരിച്ചവരുടെ ഭൗതികാവിശിഷ്ടങ്ങൾ അടക്കം ചെയ്തിരുന്ന വലിയ കളിമൺ പാത്രങ്ങളാണ് നന്നങ്ങാടികൾ. തീയിൽ ചുട്ടെടുത്ത ഇത്തരം കളിമൺ ഭരണികൾക്ക് മുതുമക്കത്താഴികൾ എന്നു പേരുണ്ട്. നന്നങ്ങാടികൾക്ക് ഒരു മൂടി ഉണ്ടായിരിക്കും. മൂടിയുടെ നടുവിൽ ഒരു ചെറിയ ദ്വാരം കാണും. നന്നങ്ങാടികളിൽ ചിലതിന് നൂറിലേറെ ലിറ്റർ വെള്ളം നിറയ്ക്കാവുന്നത്ര വലിപ്പം ഉണ്ടായിരിക്കും.

പ്രാചീനകാലത്ത് മനുഷ്യർ ഉപയോഗിച്ചിരുന്ന ഇത്തരം വസ്തുക്കൾ ചരിത്രശേഷിപ്പുകൾ ആണെന്നും ഇവ ചരിത്രരചനയ്ക്ക് സഹായിക്കുന്നവയാണെന്നും അതിനാൽ ഇതെല്ലാം ചരിത്രസ്രോതസ്സുകൾ ആണെന്നും ഇവ സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഉള്ള ധാരണ രൂപപ്പെടണം.

തന്റെ പ്രദേശത്തെയും വീട്ടിലെയും ചരിത്രശേഷിപ്പുകളുടെ പേരുകൾ പട്ടികരൂപത്തിൽ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം ഒരുക്കാം. പേജ് നമ്പർ 13-ലെ 'വിവരശേഖരണം നടത്താം' എന്ന ഭാഗത്തെ ചിത്രങ്ങൾ ഇതോടൊപ്പം നിരീക്ഷിക്കാവുന്നതാണ് തുടർന്ന് ചരിത്രശേഷിപ്പുകളുടെ പേരും ചിത്രങ്ങളും ലഘുകുറിപ്പുകളുമടങ്ങിയ ചുമർ പത്രിക തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കണം.

### ചുമർ പത്രിക

| ചരിത്രശേഷിപ്പുകളുടെ ചിത്രം | പേര് | പ്രധാന പ്രത്യേകതകൾ |
|---|---|---|
| | | |

DOWNLOAD
School App Kerala
www.schoolappkerala.in



## വിദ്യാലയത്തിൽ ചരിത്ര മൂസിയം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ ഒരു ചരിത്ര മ്യൂസിയം ടീച്ചറുടെ സഹായത്താൽ തയ്യാറാക്കാവുന്നതാണ്. കുട്ടികൾ ഓരോ ചരിത്രശേഷിപ്പുകൾ കൊണ്ടുവരട്ടെ. -PTA/MPTA തുടങ്ങിയവയുടെ സഹായത്താൽ ഇത് വിപുലപ്പെടുത്തണം. പാഠപുസ്തകത്തിൽ സൂചിപ്പിക്കുന്ന തരത്തിലുള്ള വസ്തുക്കൾ ശേഖരിക്കാവുന്നതാണ്.

## വിവരശേഖരണം

പേജ് 13-ൽ നൽകിയിട്ടുള്ള ചിത്രങ്ങൾ പട്ടികയിൽ എഴുതുന്നു. അവയ്ക്ക് പകരമായി ഇന്ന് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പേരുകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുന്നു.

| അന്ന് | ഇന്ന് |
|---|---|
| വിശറി | ഫാൻ |

തുടർന്ന് ചിത്രങ്ങൾ ഒട്ടിച്ച് ഈ വസ്തുക്കളുടെ ചരിത്രാംശം ഉൾക്കൊള്ളുന്ന കുറിപ്പ് പതിപ്പാക്കി അവതരിപ്പിക്കാൻ അവസരം ഒരുക്കണം.

## ആൽബം തയ്യാറാക്കാം

പത്രങ്ങൾ, മാസികകൾ, മറ്റ് ചിത്രങ്ങൾ എന്നിവയിൽ നിന്നുള്ള ചരിത്രസ്രോതസ്സുകളുടെ ചിത്രങ്ങളും ലഘുകുറിപ്പുകളും ചേർത്ത് ആൽബം തയ്യാറാക്കണം.

## കാലം കണക്കാക്കാം

1. സ്കൂളിലെ ഏറ്റവും പഴക്കംചെന്ന കെട്ടിടം നിർമ്മിച്ചിട്ട് എത്ര വർഷമാകും?
2. സ്കൂൾ മൈതാനത്തെ മരത്തിന് എത്ര വർഷം പ്രായം കാണും?

എന്നീ ചോദ്യങ്ങൾക്ക് ഉത്തരം പറയട്ടെ. തുടർന്ന് പേജ് നമ്പർ 14-ലെ 'കാലം കണക്കാക്കാം' എന്ന ഭാഗം വായിക്കാം.

പാഠഭാഗത്ത് പറയുന്ന സംഭവങ്ങൾ ടീച്ചർ താഴെ കാണുന്നവിധം ബോർഡിൽ എഴുതി പ്രദർശിപ്പിക്കണം:

| മുമ്പ് | ഇന്ത്യയുടെ സ്വാതന്ത്ര്യം | ശേഷം |
|---|---|---|
| ഉപ്പുസത്യഗ്രഹം | | കേരളപ്പിറവി |
| 1930 | 1947 | 1956 |

DOWNLOAD
School App Kerala
www.schoolappkerala.in



ഈ സംഭവങ്ങൾ നടന്ന വർഷങ്ങൾ കുട്ടികൾ പട്ടിക നോക്കി പറയുന്നു.

തുടർന്ന്

(1) ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് എത്രവർഷം കഴിഞ്ഞാണ് കേരളപ്പിറവി ഉണ്ടായത്?

(2) ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് എത്രവർഷം മുമ്പാണ് ഉപ്പുസത്യാഗ്രഹം നടന്നത്?

എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തട്ടെ.

| ഉപ്പുസത്യാഗ്രഹം | ഇന്ത്യയുടെ സ്വാതന്ത്ര്യം | കേരളപ്പിറവി |
|---|---|---|
| 17 വർഷങ്ങൾക്ക് മുമ്പ് | 1947 | 9 വർഷത്തിനുശേഷം |

ഇവിടെ ഇന്ത്യയുടെ സ്വാതന്ത്ര്യം എന്ന സംഭവത്തെ അടിസ്ഥാനമാക്കിയാണ് മുമ്പും പിമ്പും നടന്ന സംഭവങ്ങളുടെ വർഷം കണക്കാക്കിയത്. തുടർന്ന് പേജ് 14 ലെ സ്കെയിൽ ചിത്രം ഉപയോഗിച്ച് ബി.സി., എ.ഡി. തിരിക്കുന്നത് നിരീക്ഷിക്കാൻ അവസരം ഒരുക്കണം.

ഇപ്രകാരം യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കി കാലത്തെ ബി.സി., എ.ഡി. എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു എന്ന ധാരണ ഉറപ്പിക്കണം. ഈ കാലഗണന ഇപ്പോൾ യഥാക്രമം BCE, CE എന്നും പറയാറുണ്ട്.

### കലണ്ടർ നോക്കാം

കലണ്ടർ എന്തിനെല്ലാം ഉപയോഗിക്കാം? ചർച്ചചെയ്ത് കണ്ടെത്തുന്നു.

കലണ്ടറിന്റെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും ഓരോ കലണ്ടർ നൽകുക. കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ കണ്ടെത്തട്ടെ. ഗ്രൂപ്പ് അവതരണം നടത്തട്ടെ. തുടർന്ന് കലണ്ടറിലെ വർഷക്രമങ്ങൾ (ക്രിസ്തുവർഷം, ഹിജ്റ വർഷം, ശകവർഷം, കൊല്ലവർഷം തുടങ്ങിയവ) കണ്ടെത്തി അവയുടെ പ്രാധാന്യം ടീച്ചറുടെ സഹായത്താൽ അവതരിപ്പിക്കട്ടെ.

### നൂറ്റാണ്ട് കണക്കാക്കാം

കുട്ടികൾ അവരുടെ ജനനതീയതി ടീച്ചറുടെ സഹായത്താൽ കുറിക്കട്ടെ. വർഷം മാത്രം അവതരിപ്പിക്കട്ടെ. ടീച്ചർ ബോർഡിൽ എഴുതട്ടെ. തുടർന്ന് എല്ലാ കുട്ടികളുടെയും ജനിച്ച വർഷം കുറിക്കുന്നു. ഈ വർഷങ്ങളെല്ലാം 21 -ാം നൂറ്റാണ്ടിലാണെന്ന് ടീച്ചർ പറയുന്നു. നൂറ്റാണ്ട് കണക്കാക്കാം എന്ന പാഠഭാഗത്തെ, നൂറ്റാണ്ട് സൂചിപ്പിക്കുന്ന ചിത്രവും പാഠഭാഗവും ഉപയോഗിച്ച് നൂറ്റാണ്ട് എന്ന ആശയം ചർച്ച ചെയ്യാം. തുടർന്ന് 21-ാം നൂറ്റാണ്ടിന്റെ ആരംഭവും അവസാനവും ചിത്രത്തിന്റെ സഹായത്തോടെ കണ്ടെത്തി അവതരിപ്പിക്കണം. ശേഷം താഴെ പറയുന്ന പട്ടിക

| നൂറ്റാണ്ട് | തുടക്കം | ഒടുക്കം |
|---|---|---|
| 21-ാം നൂറ്റാണ്ട് | | |
| 20-ാം നൂറ്റാണ്ട് | | |
| 19-ാം നൂറ്റാണ്ട് | | |
| 18-ാം നൂറ്റാണ്ട് | | |

DOWNLOAD
School App Kerala
www.schoolappkerala.in



ടീച്ചർ ബോർഡിൽ പ്രദർശിപ്പിക്കണം. കുട്ടികൾക്ക് ഇത് പൂർത്തിയാക്കാനുള്ള അവസരം നൽകണം.

ശേഷം പാഠപുസ്തകത്തിലെ പേജ് നമ്പർ 15-ലെ പട്ടിക പൂർത്തിയാക്കട്ടെ.

കാലം നിശ്ചയിക്കലും കാലത്തെക്കുറിച്ചുള്ള ബോധവും ചരിത്രപഠനത്തിനും ചരിത്രരചനയ്ക്കും ഒഴിച്ചുകൂടാനാകാത്തതാണെന്നുള്ള ധാരണ ഉറപ്പാക്കേണ്ടതാണ്.

**റഫറൻസ്**

- എന്താണ് ചരിത്രം - ഇ.എച്ച്. കാർ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
- Idea of History - R.G. Colling Wood

## ടീച്ചറുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1. | ചരിത്രം തെളിവുകളുടെ അടിസ്ഥാനത്തിൽ രചിക്കുന്നതാണെന്ന് കുട്ടികൾ തിരിച്ചറിഞ്ഞു. | | |
| 2. | ചരിത്രകാലം, ചരിത്രാതീതകാലം എന്നിവ തമ്മിലുള്ള വ്യത്യാസം കുട്ടികൾക്കറിയാം. | | |
| 3. | ചരിത്രശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധം കുട്ടികളിൽ രൂപം കൊണ്ടു. | | |
| 4. | ഓരോ വസ്തുക്കളിലും ചരിത്രാംശം കുടികൊള്ളുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു. | | |
| 5. | വർത്തമാനകാലത്തെക്കുറിച്ച് അറിയാനും ഭാവിയെ രൂപപ്പെടുത്താനുമുള്ള അറിവുകൾ നൽകുന്നതാണ് ചരിത്രമെന്ന് കുട്ടികൾ തിരിച്ചറിയുന്നു. | | |

## കുട്ടിയുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1. | വിദ്യാലയചരിത്രം തയ്യാറാക്കാൻ അനേകം ചരിത്രസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി. | | |
| 2. | ചരിത്രം തെളിവുകളുടെ സഹായത്തോടെയാണ് രചിക്കുന്നതെന്ന് എനിക്കറിയാം. | | |
| 3. | ചരിത്രശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധ്യം എനിക്കുണ്ട്. | | |
| 4. | എ.ഡി., ബി.സി. എന്നിങ്ങനെയുള്ള കാലഗണനയെക്കുറിച്ച് എനിക്കറിയാം. | | |

DOWNLOAD
School App Kerala
www.schoolappkerala.in



# 2

# കല്ലിൽനിന്ന് ലോഹത്തിലേക്ക്

ആയുധങ്ങളും ഉപകരണങ്ങളും നിരന്തരം പരിഷ്കരിച്ച് ഉപയോഗിക്കാനുള്ള കഴിവാണ് മനുഷ്യനെ മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

ഭക്ഷണം ശേഖരിച്ചും മൃഗങ്ങളെ വേട്ടയാടിയും ജീവിച്ചുവന്ന മനുഷ്യൻ ക്രമേണ തന്റെ ആയുധങ്ങൾ പരിഷ്കരിച്ച് ഉപയോഗിക്കാൻ തുടങ്ങി. കൃഷിയും സ്ഥിരതാമസവും ആരംഭിച്ചതോടെ നദീതടങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് സംസ്കാരങ്ങൾ വളർന്നുവന്നു. മാനവചരിത്രത്തിലുണ്ടായ ഈ മാറ്റങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ധാരണ രൂപീകരിക്കലാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം.

സംസ്കാരത്തിന്റെ ശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാഴ്ചപ്പാട് രൂപീകരിക്കേണ്ടതും ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യങ്ങളിൽപ്പെടുന്നു. പ്രാചീനശിലായുഗം, നവീനശിലായുഗം, വെങ്കലയുഗസംസ്കാരങ്ങൾ എന്നീ ആശയങ്ങൾ ഈ പാഠഭാഗത്തിൽ പ്രതിപാദിക്കുന്നു.

DOWNLOAD School App Kerala www.schoolappkerala.in



# യൂണിറ്റ് ഫ്രെയിം

**2. കല്ലിൽനിന്ന് ലോഹത്തിലേക്ക്**

**ആകെ പിരിയഡ് : 15**

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • ശിലായുഗം | 'പ്രാചീന മനുഷ്യജീവിതം' എന്ന ചിത്ര നിരീക്ഷണം - ചർച്ച | ശിലായുഗ കാലഘട്ടത്തിന്റെ സവിശേഷതകൾ വിശദീകരിക്കുന്നു. |
| • പ്രാചീനശിലായുഗം, നവീനശിലായുഗം | പ്രാചീന ശിലായുഗത്തിലേയും നവീന ശിലായുഗത്തിലേയും ആയുധങ്ങളുടെയും ചിത്രങ്ങളുടെയും നിരീക്ഷണം - പ്രാചീനശിലായുഗത്തിലെ സവിശേഷതകളുടെ പദസൂര്യൻ തയ്യാറാക്കൽ - പ്രാചീനശിലായുഗവും നവീനശിലായുഗവും താരതമ്യം ചെയ്യൽ, നവീനശിലായുഗത്തിലെ മാറ്റങ്ങളുടെ പട്ടിക തയ്യാറാക്കൽ. | പ്രാചീനശിലായുഗത്തെയും നവീന ശിലായുഗത്തെയും താരതമ്യം ചെയ്യുന്നു. |
| • മെസൊപ്പൊട്ടേമിയൻ, ഈജിപ്ഷ്യൻ, ചൈനീസ്, ഹരപ്പൻ സംസ്കാരങ്ങൾ | വെങ്കലയുഗ സംസ്കാരങ്ങൾ ഉയർന്നു വന്ന മേഖലകളുടെ ഭൂപടനിരീക്ഷണം - 'വെങ്കലയുഗസംസ്കാരങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ അവതരിപ്പിക്കൽ. | ലോകത്തിലെ വെങ്കലയുഗസംസ്കാരങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു. |

DOWNLOAD
School App Kerala
www.schoolappkerala.in



## യൂണിറ്റിലേയ്ക്ക്

വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ചശേഷം, അധ്യായത്തിന്റെ ആരംഭത്തിൽ നൽകിയിരിക്കുന്ന ചിത്രത്തിൽ നിന്ന് പുരാതനകാലത്തെ മനുഷ്യജീവിതം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താൻ കഴിയും എന്ന ചോദ്യം ഉന്നയിക്കുക. ഓരോ ഗ്രൂപ്പും അവരുടെ കണ്ടെത്തലുകൾ കുറിപ്പാക്കി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

- പുരാതനകാലത്ത് മനുഷ്യൻ കാട്ടിലാണ് ജീവിച്ചിരുന്നത്.
- അവർ മൃഗങ്ങളെ വേട്ടയാടിയാണ് ഭക്ഷണം കണ്ടെത്തിയത്.
- മൃഗങ്ങളെ വേട്ടയാടാനും മൃഗങ്ങളിൽ നിന്ന് രക്ഷനേടാനും വേണ്ടി അവർ കല്ലും മരക്കമ്പുകളും ഉപയോഗിച്ചിരുന്നു.

'ഇന്നത്തെക്കാലത്തെ പൊതുവെ കമ്പ്യൂട്ടർ യുഗം എന്ന് വിശേഷിപ്പിക്കാറുണ്ടല്ലോ എന്തുകൊണ്ടായിരിക്കാം ഇങ്ങനെ വിളിക്കുന്നത്'? എന്ന ചോദ്യം അധ്യാപിക ക്ലാസ്സിൽ ഉന്നയിച്ച ശേഷം ചോദ്യത്തെ അധികരിച്ച് ഒരു ലഘു ചർച്ച നടത്തുന്നു.

ഇക്കാലത്ത് വിവിധ ആവശ്യങ്ങൾക്കായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നു

കമ്പ്യൂട്ടറിൽ നിന്ന് ഇന്റർനെറ്റിന്റെ സഹായത്തോടെ ധാരാളം വിവരങ്ങൾ ലഭ്യമാകുന്നു.

ഇത്തരം ഉത്തരങ്ങൾ വിദ്യാർത്ഥികളിൽ നിന്ന് പ്രതീക്ഷിക്കാം. കമ്പ്യൂട്ടറിന്റെ ഉപയോഗം സർവ്വസാധാരണമായതിനാലാണ് ഇക്കാലത്തെ കമ്പ്യൂട്ടർയുഗം എന്ന് വിളിക്കുന്നത്. അതുപോലെ മനുഷ്യൻ കല്ല് അഥവാ ശിലകൊണ്ടുള്ള ആയുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചിരുന്ന കാലം ശിലായുഗം എന്നറിയപ്പെടുന്നു. ഇങ്ങനെ അധ്യാപിക ചർച്ച ക്രോഡീകരിക്കണം.

### പ്രാചീനശിലായുഗ കേന്ദ്രങ്ങൾ

പഞ്ചാബിലെ സോഹൻ താഴ്‌വര, ആന്ധ്രാപ്രദേശിലെ കർണൂൽ, കാശ്മീർ താഴ്‌വര, തമിഴ്നാട്ടിലെ അതിരംപാക്കം തുടങ്ങിയവ ഇന്ത്യയിലെ പ്രധാനപ്പെട്ട പ്രാചീനശിലായുഗ കേന്ദ്രങ്ങളാണ്. വേട്ടയാടിയും ഭക്ഷണം ശേഖരിച്ചുമാണ് ഇവർ കഴിഞ്ഞിരുന്നത്. പ്രാചീനശിലായുഗമനുഷ്യർ ചിത്രരചന നടത്തിയിരുന്നു. കല്ലുകൾകൊണ്ടായിരുന്നു അവർ ചിത്രങ്ങൾ വരച്ചിരുന്നത്. മധ്യപ്രദേശിലെ ഭോപ്പാലിനു സമീപത്തുള്ള ഭിംബേഡ്കയിൽ പ്രാചീന ശിലായുഗ കാലത്തെ ചിത്രങ്ങൾ കാണാവുന്നതാണ്.

## പ്രാചീനശിലായുഗം

വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിക്കുക. പാഠഭാഗത്ത് പേജ് 19 ൽ നൽകിയിരിക്കുന്ന 'പ്രാചീനശിലായുധങ്ങൾ,' പേജ് 20-ൽ നൽകിയിരിക്കുന്ന 'പ്രാചീന

DOWNLOAD
School App Kerala
www.schoolappkerala.in



മനുഷ്യൻ തീ ഉപയോഗിക്കുന്നു.' എന്നീ ചിത്രങ്ങൾ നിരീക്ഷിക്കാൻ നിർദ്ദേശിക്കുക. നിരീക്ഷണത്തിനു മുന്നോടിയായി താഴെ പറയുന്ന ചോദ്യങ്ങൾ ബോർഡിൽ കുറിക്കുക.

- പ്രാചീന മനുഷ്യർ ഉപയോഗിച്ചിരുന്ന ശിലായുധങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെ?
- ഇത്തരം ആയുധങ്ങൾ അവർ എന്തൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയായിരിക്കും ഉപയോഗിച്ചത്?
- അക്കാലത്ത് മനുഷ്യർ എവിടെയാണ് താമസിച്ചിട്ടുണ്ടാകുക?
- പ്രാചീന മനുഷ്യൻ എന്തൊക്കെ ആവശ്യങ്ങൾക്കായിരിക്കാം തീ ഉപയോഗിച്ചിരുന്നത്?

രണ്ടു ചിത്രങ്ങളും നിരീക്ഷിച്ചശേഷം പേജ് 19 വായിച്ച് ബോർഡിൽ നൽകിയിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചർച്ച ചെയ്ത് നോട്ട്ബുക്കിൽ കുറിക്കട്ടെ.

താഴെ പറയുന്ന ഉത്തരങ്ങളിലേക്ക് വിദ്യാർത്ഥികൾ എത്തുന്നുണ്ടെന്ന് അധ്യാപിക ഉറപ്പാക്കണം:


- പ്രാചീന മനുഷ്യൻ ഉപയോഗിച്ച ശിലായുധങ്ങൾ പരുക്കനായിരുന്നു.
- പ്രാചീന മനുഷ്യൻ ശിലായുധങ്ങൾ താഴെ പറയുന്ന ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്നു:
  - മൃഗങ്ങളെ വേട്ടയാടാൻ
  - മൃഗങ്ങളിൽനിന്ന് രക്ഷനേടാൻ
  - കാട്ടുകിഴങ്ങുകൾ കുഴിച്ചെടുക്കാൻ
  - കായ്കനികൾ ശേഖരിക്കാൻ
- അക്കാലത്തെ മനുഷ്യൻ ഗുഹകളിലാണ് താമസിച്ചിരുന്നത്.
- മൃഗങ്ങളുടെ ഇറച്ചി വേവിക്കാനും തണുപ്പകറ്റാനുംവേണ്ടി അവർ തീ ഉപയോഗിച്ചു.

പരുക്കൻ ശിലായുധങ്ങൾ ഉപയോഗിച്ച കാലമാണ് പ്രാചീനശിലായുഗം എന്നറിയപ്പെടുന്നതെന്ന് അധ്യാപിക വിശദീകരിക്കണം.

പ്രാചീനശിലായുഗകാലത്തെ മനുഷ്യന്റെ ജീവിതം ഇന്നത്തെപോലെ തന്നെയായിരിക്കുമോ? അക്കാലത്തെ ജീവിതം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു? എന്നീ ചോദ്യങ്ങൾ ഉന്നയിച്ചശേഷം പാഠഭാഗം പേജ് 19 വായിച്ച് പദസൂര്യൻ തയ്യാറാക്കാൻ വിദ്യാർത്ഥികളോട് നിർദ്ദേശിക്കാം.

DOWNLOAD
School App Kerala
www.schoolappkerala.in






"രാത്രിയിൽ എല്ലാവരും ഒരു ഗുഹയിൽ കൂടികഴിയുമ്പോൾ അതിന്റെ കവാടത്തിൽ തീയ് എരിയിച്ചു വയ്ക്കും. ഇത് ഗുഹയിൽ പ്രവേശിക്കുന്നതിൽ നിന്നും വന്യമൃഗങ്ങളെ തടഞ്ഞു. മഞ്ഞുകാലത്തെ തണുപ്പിലും കൊടുങ്കാറ്റുള്ള രാത്രികളിലും തീയ് തന്നെയായിരുന്നു സുഖവും സംരക്ഷണവും നൽകിയിരുന്നത്. തീയുടെ കണ്ടുപിടുത്തം യാദൃച്ഛികമായിരുന്നു. രണ്ട് കഷ്ണം തീക്കല്ലുകൾ തമ്മിൽ ഉരസുമ്പോൾ തീപ്പൊരിയുണ്ടായി. ഇത് തട്ടിയപ്പോൾ ഉണങ്ങിയ ഇലകളും ചില്ലകളും കത്തി. പ്രാകൃതമനുഷ്യന് തീയ് അത്ഭുതവസ്തുവായിരുന്നു. എന്നാൽ പിന്നീട് ഇത് വിവിധ രീതികളിലുപയോഗിക്കപ്പെടുകയും മനുഷ്യന്റെ ജീവിതരീതി വളരെ മെച്ചപ്പെടുന്നതിന് സഹായിക്കുകയും ചെയ്തു. അങ്ങനെ തീയ് മനുഷ്യന്റെ ജീവിതത്തിൽ ശ്രദ്ധേയമായ വ്യത്യാസം വരുത്തി."

**റോമിലാ ഥാപ്പർ, ഇന്ത്യാചരിത്രം – പ്രാചീനകാലം**

## നവീനശിലായുഗം

പ്രാചീനശിലായുഗകാലത്ത് മനുഷ്യൻ ഉപയോഗിച്ച ആയുധങ്ങൾ തന്നെയായിരിക്കുമോ പിന്നീടുള്ള കാലഘട്ടത്തിലും മനുഷ്യൻ ഉപയോഗിച്ചത്? പിൽക്കാലത്ത് ആയുധങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടായിട്ടുണ്ടാകുമോ? ഈ ചോദ്യങ്ങൾ ക്ലാസ്സിൽ ഉന്നയിക്കുക.

വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളാക്കിയശേഷം അവരോട് പേജ് 19 ൽ നൽകിയിട്ടുള്ള 'പ്രാചീനശിലായുധങ്ങൾ' എന്ന ചിത്രവും പേജ് 20 ലെ 'നവീനശിലായുധങ്ങൾ' എന്ന ചിത്രവും പ്രത്യേകം പ്രത്യേകം നിരീക്ഷിച്ച് രണ്ട് ചിത്രങ്ങളിലും നൽകിയിട്ടുള്ള ആയുധങ്ങൾ താരതമ്യം ചെയ്ത്, വ്യത്യാസങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ നിർദ്ദേശിക്കുക.

DOWNLOAD
School App Kerala
www.schoolappkerala.in



ഓരോ ഗ്രൂപ്പും അവരുടെ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുന്നുവെന്ന് അധ്യാപിക ഉറപ്പുവരുത്തണം:

- നവീന ശിലായുഗത്തിലെ ആയുധങ്ങൾ കൂടുതൽ മൂർച്ചയുള്ളതാണ്.
- അവ കൂടുതൽ മിനുസപ്പെടുത്തിയവയാണ്.
- പ്രാചീനശിലായുധങ്ങളെ അപേക്ഷിച്ച് നവീനശിലായുധങ്ങൾ കൂടുതൽ സൂക്ഷ്മ മായിരുന്നു.

ഇത്തരം ആയുധങ്ങൾ ഉപയോഗിച്ച കാലം നവീനശിലായുഗം എന്നറിയപ്പെടുന്നു എന്ന വിശദീകരണം നൽകുമല്ലോ.

നവീനശിലായുഗമനുഷ്യന്റെ ജീവിതം പ്രാചീനശിലായുഗത്തിൽനിന്നും ഏതെല്ലാം രീതി യിൽ വ്യത്യാസപ്പെട്ടിരിക്കാം? എന്ന ചോദ്യം ടീച്ചർ ചോദിക്കുന്നു. പേജ് 21-ൽ നൽകി യിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് നവീനശിലായുഗത്തിലുണ്ടായ മാറ്റങ്ങൾ കണ്ടെത്തി ചാർട്ട് തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കുക.
ചാർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുമല്ലോ:

- നവീനശിലായുഗ മനുഷ്യൻ കൃഷി ചെയ്യാൻ തുടങ്ങി.
- വാസസ്ഥലങ്ങൾ നിർമ്മിച്ചു.
- സ്ഥിരതാമസം ആരംഭിച്ചു.
- മൺപാത്രങ്ങൾ നിർമ്മിച്ചു.
- ചക്രങ്ങൾ ഉപയോഗിച്ചു.
- മൃഗങ്ങളെ ഇണക്കി വളർത്തി.

## നവീനശിലായുഗം

നവീന ശിലായുഗത്തെ 'നവീന ശിലായുഗ വിപ്ലവം' എന്നാണ് ഗോർഡൻ ചൈൽഡ് വിശേഷി ഷിക്കുന്നത്. നവീന ശിലായുഗത്തിൽ വൻമാറ്റങ്ങളാണ് മനുഷ്യജീവിതത്തിൽ സംഭവിച്ചത്. നവീനശിലായുഗ മനുഷ്യന്റെ ജീവിതം സംബന്ധിച്ച് റോമിലാ ഥാപ്പർ ഇപ്രകാരം നിരീക്ഷിക്കുന്നു. "നവീനശിലായുഗം അഥവാ 'ഭക്ഷ്യഉൽപാദനഘട്ടം' ആയപ്പോഴേക്കും മനുഷ്യന്റെ ജീവിതരീതി ആകെ മാറിക്കഴിഞ്ഞിരുന്നു. അതുവരെ ജന്തുക്കളെ വേട്ടയാടിയും കാട്ടുചെടികൾ സംഭരിച്ചും ആയിരുന്നു മനുഷ്യൻ ജീവിച്ചത്. പുതിയ ജീവിതരീതിയിൽ ജന്തുക്കളെ മെരുക്കി വളർത്താനും കൃഷി ചെയ്യാനും മനുഷ്യൻ പഠിച്ചു. ചെടികളിൽ ഗോതമ്പും ബാർലിയുമാണ് ഏറ്റവും ആദ്യം കൃഷി ചെയ്യാൻ തുടങ്ങിയത്. കൃഷി ചെയ്യാൻ മനുഷ്യന് ഒരിടത്ത് സ്ഥിരമായി താമസിക്കണമെന്ന നിലവന്നു. ഇതിന്റെ ഫലമായി ഗ്രാമങ്ങളും കർഷകസമൂഹങ്ങളും ഉയർന്നു വന്നു. ഭൂമി വെട്ടിക്കിളയ്ക്കാനും നിലം കൃഷിക്ക് തയ്യാറാക്കാനും മനുഷ്യന് പലതരം ആയു ധങ്ങൾ ആവശ്യമായി. മിച്ചംവരുന്ന ധാന്യങ്ങളും ദ്രാവക പദാർത്ഥങ്ങളും സൂക്ഷിക്കാൻ പാത്രങ്ങൾ വേണ്ടിയിരുന്നു. ഇത് മൺപാത്രനിർമ്മാണത്തിലേക്ക് അവനെ നയിച്ചു. ആദ്യ കാലത്തെ പാത്രങ്ങൾ കുട്ടകൾക്ക് പുറമെ മണ്ണ് പതിച്ചാണ് നിർമ്മിച്ചിരുന്നത്. പിൽക്കാലത്ത് കുട്ടയില്ലാതെ തന്നെ പാത്രമുണ്ടാക്കാറായി."

**റോമിലാ ഥാപ്പർ – ഇന്ത്യാചരിത്രം – പ്രാചീനകാലം**

DOWNLOAD
School App Kerala
www.schoolappkerala.in



പ്രാചീന ശിലായുഗത്തിലെയും നവീനശിലായുഗത്തിലെയും മനുഷ്യജീവിതത്തിലെ സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടാം. ചുവടെ നൽകിയിരിക്കുന്ന രീതിയിൽവേണം പട്ടിക തയ്യാറാക്കാൻ:


| പ്രാചീനശിലായുഗം | നവീനശിലായുഗം |
|---|---|
| • പരുക്കൻ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചു | • മൂർച്ചപ്പെടുത്തിയതും മിനുസപ്പെടുത്തിയതുമായ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചു |
| • മൃഗങ്ങളെ വേട്ടയാടി | • ആയുധങ്ങളുടെ എണ്ണവും ഗുണവും വർദ്ധിച്ചു |
| • ഭക്ഷണം ശേഖരിച്ചു | • കൃഷി ആരംഭിച്ചു |
| • നാടോടികളായിരുന്നു | • മൃഗങ്ങളെ ഇണക്കി വളർത്തി |
| • തീയുടെ ഉപയോഗം അറിയാമായിരുന്നു. | • മൺപാത്രങ്ങൾ നിർമ്മിച്ചു |
| | • ചക്രങ്ങൾ ഉപയോഗിച്ചു |
| • ഗുഹകളിൽ താമസിച്ചു | • സ്ഥിരമായി ഒരിടത്ത് താമസിച്ചു |
| | • വാസസ്ഥലങ്ങൾ നിർമ്മിച്ചു |
| | • സമൂഹജീവിതം ആരംഭിച്ചു |

### വെങ്കലയുഗം

താഴെ പറയുന്ന ചോദ്യങ്ങൾ അധ്യാപിക ക്ലാസ്സിൽ ഉന്നയിക്കുന്നു:

ശിലായുഗത്തിൽ മനുഷ്യൻ ഉപയോഗിച്ച കല്ലുകൊണ്ടുള്ള ആയുധങ്ങൾക്ക് എന്തെങ്കിലും പരിമിതികൾ ഉള്ളതായി നിങ്ങൾക്ക് തോന്നുന്നുണ്ടോ? എന്താണ് അവയുടെ പരിമിതി? ഈ പരിമിതി മറികടക്കാൻ മനുഷ്യർ എന്തായിരിക്കും ചെയ്തത്?

ഉത്തരങ്ങൾ ബോർഡിൽ കുറിച്ചിടുന്നു. നിങ്ങളുടെ ഉത്തങ്ങൾ ശരിയാണോ എന്നറിയാൻവേണ്ടി പേജ് 22 വായിക്കാനും ഫ്ളോ ചാർട്ട് പൂർത്തിയാക്കാനും ആവശ്യപ്പെടാം.



DOWNLOAD
School App Kerala
www.schoolappkerala.in



വെങ്കലം കൊണ്ടുള്ള ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗം എന്തെല്ലാം മാറ്റങ്ങളായിരിക്കും മനുഷ്യജീവിതത്തിൽ ഉണ്ടാക്കിയിട്ടുണ്ടാകുക? എന്ന ചോദ്യം അധ്യാപിക ഉന്നയിക്കുന്നു. തുടർന്ന് വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് പാഠഭാഗം പേജ് 22, 23, 24 എന്നിവ വായിക്കാൻ നിർദ്ദേശിക്കുന്നു. പേജ് 23-ൽ നൽകിയിട്ടുള്ള ചിത്രങ്ങളും നിരീക്ഷിച്ചശേഷം ഓരോ ഗ്രൂപ്പിനോടും അവരവരുടെ കണ്ടെത്തലുകൾ ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കാം. താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമല്ലോ:

- പുതിയ കാർഷികോപകരണങ്ങൾ ഉപയോഗിച്ചു
- കൃഷി മെച്ചപ്പെട്ടു
- അധികമുള്ള ധാന്യങ്ങൾ ശേഖരിക്കുകയും കൈമാറ്റം ആരംഭിക്കുകയും ചെയ്തു
- കൈമാറ്റ കേന്ദ്രങ്ങൾ രൂപംകൊണ്ടു
- കാലിവളർത്തൽ, മൺപാത്രനിർമ്മാണം, ഇഷ്ടികനിർമ്മാണം, ലോഹപ്പണി, ആഭരണ നിർമ്മാണം എന്നിവ ആരംഭിച്ചു
- കച്ചവടവും ഗതാഗതവും വികസിച്ചു
- ഭരണസംവിധാനം രൂപപ്പെട്ടു

## വെങ്കലയുഗ സംസ്കാരങ്ങൾ

### (മെസൊപ്പൊട്ടേമിയൻ, ഈജിപ്ഷ്യൻ, ചൈനീസ്, ഹരപ്പൻ സംസ്കാരങ്ങൾ)

ക്ലാസ്സിലെ വിദ്യാർത്ഥികളെ 4 ഗ്രൂപ്പുകളാക്കുക. ഓരോ ഗ്രൂപ്പിനും ഓരോ അറ്റ്ലസ് നൽകുക. വെങ്കലയുഗ സംസ്കാരങ്ങൾ വളർന്നുവന്ന പ്രദേശങ്ങൾ കണ്ടെത്താനും അവ ഇന്ന് ഏതൊക്കെ രാജ്യങ്ങളിലാണെന്ന് തിരിച്ചറിയാനും ആവശ്യപ്പെടാം. ഓരോ സംസ്കാരവും ഏതൊക്കെ നദീതടങ്ങളിലാണ് ഉയർന്നുവന്നതെന്നും കണ്ടെത്തി നോട്ട് ബുക്കിൽ രേഖപ്പെടുത്തട്ടെ.

'വെങ്കലയുഗ സംസ്കാരങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാർ സംഘടിപ്പിക്കാം. 'വെങ്കലയുഗ സംസ്കാരങ്ങൾ' എന്ന വിഷയത്തെ 4 ഉപവിഷയങ്ങളായി തിരിച്ച് ഓരോ ഗ്രൂപ്പിനും നൽകണം.

- മെസൊപ്പൊട്ടേമിയൻ സംസ്കാരം
- ഈജിപ്ഷ്യൻ സംസ്കാരം
- ചൈനീസ് സംസ്കാരം
- ഹരപ്പൻ സംസ്കാരം

DOWNLOAD
School App Kerala
www.schoolappkerala.in



പാഠഭാഗത്തെ പേജ് 24, 25, 26 വായിച്ച് ചർച്ച ചെയ്ത് ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച ഉപവിഷയത്തെ അധികരിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കുന്നു. ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്ന് അധ്യാപിക ഉറപ്പുവരുത്തേണ്ടതുണ്ട്. വിവരശേഖരണത്തിനുവേണ്ടി ഇതിനൊടൊപ്പം നൽകിയിട്ടുള്ള കുറിപ്പുകൾ, കോപ്പിയെടുത്ത് നൽകാവുന്നതാണ്. അവതരണത്തിനുശേഷം സംശയനിവാരണത്തിന് അവസരം നൽകാം. ഓരോ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം അധ്യാപിക ആവശ്യമായ വിവരങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ട്. നാല് ഗ്രൂപ്പുകളുടെയും അവതരണത്തിന് ശേഷം എല്ലാ മേഖലയിലെയും വിവരണം ഉൾക്കൊള്ളിച്ച് ഓരോ വിദ്യാർത്ഥിയും സെമിനാർ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

## മെസൊപ്പൊട്ടേമിയൻ സംസ്കാരം

മെസൊപ്പൊട്ടേമിയ എന്ന വാക്കിനർത്ഥം 'രണ്ട് നദികൾക്കിടയിലുള്ള പ്രദേശം' എന്നാണ്. ഗ്രീക്ക് ഭാഷയിൽ 'മെസോസ് (Mesos)' എന്നാൽ മധ്യം എന്നും 'പൊട്ടാമൊസ് (Potamos)' എന്നാൽ നദി എന്നുമാണ് അർത്ഥമാക്കുന്നത്. ആർമീനിയൻ പർവ്വതത്തിൽനിന്നും ഉത്ഭവിച്ച് തെക്കോട്ടോഴുകി പേർഷ്യൻ കടലിൽ ചേരുന്ന യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾക്കിടയിലുള്ള പ്രദേശത്ത് ഉദയം കൊണ്ട സംസ്കാരമാണ് മെസൊപ്പൊട്ടേമിയൻ സംസ്കാരം. പേർഷ്യൻ ഉൾക്കടലിനോട് ചേർന്നുകിടക്കുന്ന ഫലഭൂയിഷ്ഠമായ തെക്കൻ മേഖല സുമർപ്രദേശം എന്നറിയപ്പെടുന്നു. ജലസേചനസൗകര്യങ്ങളുടെ ഉപയോഗത്തോടെ കാർഷികരംഗം പുരോഗമിക്കുകയും നഗരങ്ങൾ ഉയർന്നുവരികയും ചെയ്തു. ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി ഇവർ കൈവരിച്ചിരുന്നു. ചന്ദ്രനെ അടിസ്ഥാനമാക്കി 30 ദിവസങ്ങളും 12 മാസങ്ങളുമുള്ള ഒരു കലണ്ടർ ഇവർ ഉപയോഗിച്ചിരുന്നു. ദശാംശ സമ്പ്രദായവും ഇവർക്ക് അറിയാമായിരുന്നു.

## ഈജിപ്ഷ്യൻ സംസ്കാരം

നൈൽ നദീതടത്തിലാണ് ഈജിപ്ഷ്യൻ സംസ്കാരം വളർന്നുവന്നത്. ശാസ്ത്രം, കല, കരകൗശലം എന്നീ മേഖലകളിൽ ഈജിപ്ഷ്യൻ സംസ്കാരം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു. ജലഘടികാരം, സൂര്യഘടികാരം എന്നിവ അവർ ഉപയോഗിച്ചിരുന്നു. 365 ദിവസങ്ങൾ അടങ്ങിയ ഒരു സൗരപഞ്ചാംഗവും അവർ ഉപയോഗിച്ചിരുന്നു.

ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ഏറ്റവും മികച്ച സംഭാവന വാസ്തുശില്പകലാ രംഗത്തായിരുന്നു. രാജാക്കൻമാരുടെ ശവകുടീരങ്ങളായ പിരമിഡുകൾ വാസ്തുശില്പരംഗത്തെ അത്ഭുതങ്ങളാണ്. കുഫു രാജാവ് ഗിസെയിൽ നിർമ്മിച്ചതാണ് ഏറ്റവും വലിയ പിരമിഡ്. 13 ഏക്കർ വിസ്തീർണ്ണവും 500 അടി ഉയരവുമുണ്ട് ഈ പിരമിഡിന്. പ്രതിമാനിർമ്മാണത്തിലും അവർ അസാമാന്യവൈഭവം പ്രകടിപ്പിച്ചിരുന്നു. മനുഷ്യന്റെ തലയും സിംഹത്തിന്റെ ഉടലുമുള്ള 'സ്ഫിങ്ക്സ് (Sphinx)' പ്രതിമ ഒരു വിസ്മയമാണ്. ഈ പ്രതിമയ്ക്ക് 100 അടി നീളവും 70 അടി പൊക്കവുമുണ്ട്.

DOWNLOAD
School App Kerala
www.schoolappkerala.in



## ഹരപ്പൻ സംസ്കാരം

സിന്ധു നദീതടത്തിലാണ് ഈ സംസ്കാരം രൂപപ്പെട്ടത്. അതിനാൽ ഇത് സിന്ധുനദീതട സംസ്കാരമെന്നും അറിയപ്പെടുന്നു. ഈ സംസ്കാരവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ആദ്യത്തെ കേന്ദ്രം ഇന്നത്തെ പാകിസ്ഥാനിലെ ഹരപ്പയായിരുന്നു. പുരാവസ്തുഗവേഷകരായ ജോൺമാർഷൽ, ദയാറാംസാഹ്നി, ആർ.ഡി. ബാനർജി, എസ്. ആർ. റാവു എന്നിവരുടെ നേതൃത്വത്തിൽ നടന്ന പഠനങ്ങൾ ഈ സംസ്കാരം സംബന്ധിച്ച് ധാരാളം വിവരങ്ങൾ നമുക്ക് ലഭ്യമാക്കി. അടുത്തകാലത്ത് കണ്ടെത്തിയ ഗുജറാത്തിലെ 'ധിർസാര' ഉൾപ്പെടെ ആയിരത്തിലധികം കേന്ദ്രങ്ങൾ ഹരപ്പൻ സംസ്കാരവുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുണ്ട്.

ചുട്ട ഇഷ്ടികകൾകൊണ്ട് നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ, വിശാലമായ റോഡുകൾ, ധാന്യ സംഭരണ ശാലകൾ, അഴുക്കു ചാലുകൾ തുടങ്ങിയവ ഈ സംസ്കാരത്തിന്റെ പ്രധാന സവിശേഷതകളാണ്. അവർക്ക് എഴുത്തുവിദ്യയും അറിയാമായിരുന്നു. ഹരപ്പൻ ലിപി ചിത്രലിപിയായിരുന്നു. അക്ഷരങ്ങൾക്കുപകരം ചിത്രങ്ങളും ചിഹ്നങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. ഈ ലിപി വായിക്കാനുള്ള ശ്രമങ്ങൾ ഇതുവരെ വിജയിച്ചിട്ടില്ല.

ഹരപ്പയിലെ ജനങ്ങൾക്ക് വിപുലമായ കച്ചവടബന്ധങ്ങളുണ്ടായിരുന്നു. ഗുജറാത്തിലെ ലോഥൽ എന്ന കേന്ദ്രത്തിൽനിന്നും തുറമുഖത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. മെസൊപ്പൊട്ടാമിയൻ ജനങ്ങളുമായി ഇവർക്ക് കച്ചവടബന്ധമുണ്ടായിരിന്നുവെന്നതിന് നിരവധി തെളിവുകൾ ലഭിച്ചിട്ടുണ്ട്.

## ചൈനീസ് സംസ്കാരം

കൃഷി, കരകൗശലം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ മേഖലകളിൽ പുരാതന ചൈനക്കാർ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു. ലിനൻ, സിൽക്ക് തുണിത്തരങ്ങൾ നെയ്യുന്നതിൽ വിദഗ്ദധരായിരുന്നു അവർ.

ചൈനീസ് ലിപി ചിത്രലിപിയായിരുന്നു. പിൽക്കാലത്ത് ചിത്രങ്ങൾക്കുപകരം ചിഹ്നങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഓരോ ചിഹ്നവും ഓരോ ആശയത്തെയാണ് പ്രതിനിധീകരിച്ചിരുന്നത്. സൂര്യചന്ദ്രൻമാരെ ആസ്പദമാക്കി ഒരു കലണ്ടറും അവർ തയ്യാറാക്കിയിരുന്നു. ഓരോ വർഷവും $365\frac{1}{4}$ ദിനങ്ങളായി കണക്കാക്കിയിരുന്നു. ചന്ദ്രഗ്രഹണത്തെ അവർ കൃത്യമായി പ്രവചിച്ചിരുന്നു.

### റഫറൻസ്


1. മനുഷ്യൻ സ്വയം നിർമ്മിക്കുന്നു - ഗോർഡൻ ചൈൽഡ് (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
2. ഇന്ത്യാചരിത്രം പ്രാചീനകാലം - റോമിലാ ഥാപ്പർ
3. പ്രാചീന ഇന്ത്യ - ആർ.എസ്. ശർമ്മ
4. സൈന്ധവ നാഗരികത - ഇർഫാൻ ഹബീബ്
5. The Story of Civilization - Arjundev (NCERT)

DOWNLOAD
School App Kerala
www.schoolappkerala.in



## ടീച്ചറുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1. | പുരാതനകാലത്ത് മനുഷ്യൻ ഭക്ഷണം ശേഖരിച്ചും വേട്ടയാടിയുമാണ് കഴിഞ്ഞതെന്ന് കുട്ടികൾക്കറിയാം. | | |
| 2. | പ്രാചീനശിലായുഗമനുഷ്യൻ പരുക്കൻ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചിരുന്നുവെന്ന് കുട്ടികൾക്കറിയാം. | | |
| 3. | പ്രാചീനശിലായുഗ മനുഷ്യജീവിതത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്താൻ കുട്ടികൾക്ക് കഴിയുന്നുണ്ട്. | | |
| 4. | നവീനശിലായുഗകാലത്ത് മനുഷ്യജീവിതത്തിലുണ്ടായ മാറ്റങ്ങളെ പട്ടികപ്പെടുത്താൻ കഴിയുന്നുണ്ട്. | | |
| 5. | വെങ്കലംകൊണ്ടുള്ള ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗം മനുഷ്യജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് കുട്ടിക്ക് ബോധ്യമുണ്ട്. | | |
| 6. | ചാർട്ടുകൾ തയ്യാറാക്കൽ, സെമിനാർ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികൾ സജീവമായി പങ്കെടുക്കുന്നുണ്ട്. | | |

## കുട്ടിയുടെ വിലയിരുത്തൽ

| നമ്പർ | സൂചകങ്ങൾ | അതെ | അല്ല |
|---|---|---|---|
| 1. | പരുക്കൻ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ച കാലത്തെയാണ് പ്രാചീനശിലായുഗം എന്നറിയപ്പെടുന്നതെന്ന് എനിക്കറിയാം. | | |
| 2. | പ്രാചീനശിലായുഗമനുഷ്യന് കൃഷി ചെയ്യാൻ അറിയില്ലായിരുന്നു. | | |
| 3. | പ്രാചീനശിലായുഗ മനുഷ്യർക്ക് തീയുടെ ഉപയോഗം അറിയാമായിരുന്നു. | | |
| 4. | നവീനശിലായുഗത്തിലാണ് മനുഷ്യൻ സ്ഥിരതാമസം ആരംഭിച്ചതെന്ന് എനിക്കറിയാം. | | |
| 5. | വെങ്കലത്തിന്റെ ഉപയോഗത്തോടെ മാനവിക ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടായി എന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. | | |
| 6. | മെസൊപ്പൊട്ടേമിയൻ ജനതയുടെ എഴുത്തുശൈലി ക്യൂണിഫോം ലിപി എന്നറിയപ്പെടുന്നു. | | |
| 7. | സംസ്കാരത്തിന്റെ ശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധ്യം എനിക്കുണ്ട്. | | |
| 8. | ചാർട്ട് തയ്യാറാക്കൽ, സെമിനാർ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഞാൻ സജീവമായി പങ്കെടുക്കാറുണ്ട്. | | |